# 41

# രണ്ട് നിർണ്ണായ പ്രഖ്യാപനങ്ങൾ

## (16:13- 20)

മത്തായിയുടെ പുസ്തകത്തിൽ പത്രൊസ് ക്രിസ്തുവിനെ ഏറ്റു പറഞ്ഞത് സുപ്രധാനമായ കാര്യമാണ്. ദാവീദിന്റെ പുത്രനായ ദൈവിക മശിഹയാണ് യേശു എന്നു തിരിച്ചറിയിച്ചുകൊണ്ടാണ് സുവിശേഷ വിവരണം ആരംഭിക്കുന്നത് (1:1, 16, 17, 20, 23). യേശു സ്നാനം ഏറ്റ ഉടനെ ദൈവം അവനെ തന്റെ പുത്രനായി സമ്മതിക്കുന്നു (3:17). യോഹന്നാൻ സ്നാപകൻ യേശുവിന്നു വഴി ഒരുക്കി (3:11, 12), എന്നാൽ പിന്നീട് വരുവാനുള്ളവൻ അവൻ തന്നെയോ എന്നു സ്ഥിരീകരിക്കുവാൻ ശ്രമിക്കുന്നുണ്ട് (11:2–6). യേശുവിന്റെ ഉപദേശത്തിലും അത്ഭുതങ്ങളിലും പുരുഷാരം അടിക്കടി വിസ്മയിക്കുന്നുണ്ടായിരുന്നു (4:24, 25; 7:28, 29; 9:31, 33; 13:54; 15:31). ചിലർ അവനെ തള്ളിക്കളഞ്ഞു-പ്രത്യേകിച്ച് അവന്റെ പിതൃനഗരമായ നസ്രേത്തിലുള്ളവരും (13:57) മതാദ്ധ്യക്ഷന്മാരും (9:3; 12:24). മറ്റുചിലർ അവനെ ദാവീദിന്റെ പുത്രനായി തിരിച്ചറിഞ്ഞിരുന്നു (9:27; 12:23; 15:22). കാറ്റിനെ ശാന്തമാക്കിയപ്പോൾ, ശിഷ്യന്മാർ പോലും യേശുവിന്റെ തിരിച്ചറിയലിനെ ചോദ്യം ചെയ്തിരുന്നു: "ഇവൻ എങ്ങനെയുള്ളവൻ? കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ എന്നു പറഞ്ഞു" (8:27). അവൻ വെള്ളത്തിന്മേൽ നടന്നപ്പോൾ, അവർ ആശ്ചര്യപ്പെട്ടു "നീ തീർച്ചയായും ദൈവപുത്രൻ!" എന്നു പറഞ്ഞു (14:33). ഈ പ്രഖ്യാപനം, ശാന്തമായിരുന്നപ്പോൾ പത്രൊസ് നടത്തിയ ഏറ്റുപറച്ചലാണ് നമ്മെ ഓർപ്പിക്കുന്നത്.

### പത്രൊസ്: "നീ ക്രിസ്തു ആകുന്നു" (16:13-16)

**[13]യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയശേഷം, തന്റെ ശിഷ്യന്മാരോട്, ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. [14]ചിലർ യോഹന്നാൻ സ്നാപകൻ എന്നും, മറ്റു ചിലർ ഏലിയാവെന്നും, വേറെ ചിലർ യിരെമ്യാവോ, പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. [15]നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്ന് അവൻ ചോദിച്ചതിന്നു ശീമോൻ പത്രൊസ്, [16]നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു.**

**വാക്യം 13.** ഗലീലാ കടലിന്റെ പടിഞ്ഞാറെ തീരത്തുള്ള (16:5), ബെത്ത്സയിദയിലെത്തിയ ശേഷം (മർ. 8:22), **യേശുവും** ശിഷ്യന്മാരും ഏതാണ്ട് ഇരുപത്തി-യഞ്ചു മൈൽ യാത്ര ചെയ്തു **ഫിലിപ്പിന്റെ കൈസര്യയിലെത്തി**. "പ്രദേശം" എന്നതിനു പകരം മർക്കൊസ് 8:27-ൽ "ഗ്രാമം" എന്നാണ്. ഹെർമ്മോൻ പർവ്വതത്തിൽ നിന്നു വന്ന അതിന്റെ ഒരു അരുവി യോർദ്ദാൻ നദിയിൽ വന്നു ചേർന്നിരുന്നു.[1] അത് പഴയനിയമ പട്ടണമായിരുന്ന ദാനിന്റെ അടുത്തായിരുന്നു, അത് യിസ്രായേലിന്റെ വടക്കേ അരികിലായിരുന്നു. ആ പ്രദേശം അങ്ങനെ "ദാൻ മുതൽ ബേർശേബ വരെ" എന്ന പഴഞ്ചൊല്ലിന് കാരണമായി.[2] അത്

യിസ്രായേലിനെ മൊത്തത്തിൽ പ്രതിഫലിപ്പിക്കുന്നു.[3]

ബാലിനെ നമസ്ക്കരിക്കുന്നതിന് ആ പഴയനിയമ പട്ടണം കേൾവി കേട്ടിരുന്നു (യോശു. 11:17; ന്യായാ. 3:3; 1 ദിന. 5:23). യെഹൂദ മതാനുസാര കാലയളവിൽ, ആ പട്ടണത്തിന്റെ പേർ "പനെയാസ്," അല്ലെങ്കിൽ "പനിയാസ്" എന്നായിരുന്നു. പാൻ എന്ന ഗ്രീക്ക് ദേവനെ ആദരിച്ച് പാറയിൽ കൊത്തുപണി ചെയ്ത ബലിപീഠങ്ങൾ അവിടെയുണ്ടായിരുന്നു. അടുത്തുള്ള ഒരു ഗുഹയിലാണ് ആ ദേവൻ ജനിച്ചത് എന്നാണ് ഒരു ഐതിഹ്യം പറയുന്നത്. പകുതി-ആടും പകുതി-മനുഷ്യനുമായിട്ടാണ് പാൻ ദേവനെ ചിത്രീകരിച്ചിരുന്നത്. ഫലപുഷ്ടിയും, വസന്തവും ആയി ബന്ധപ്പെട്ട് ഇടയന്മാരുടേയും, ആട്ടിൻകൂട്ടത്തിന്റേയും, വയലുകളുടേയും, തോട്ടങ്ങളുടേയും, വനത്തിന്റേയും ദേവനായിട്ടാണ് അവർ അതിനെ കരുതിയിരുന്നത്.

മദ്ധ്യധരണ്യാഴി കടലിന്റെ തീരത്ത് സ്ഥിതി ചെയ്തിരുന്ന മനോഹരമായ തുറമുഖ പട്ടണത്തെ ഔഗുസ്തോസ് കൈസരിനു വേണ്ടി "കൈസര്യ" എന്ന പേരിട്ടത് നാടുവാഴിയായിരുന്ന ഫിലിപ് ആയിരുന്നു, പിന്നീട് അതിനെ മറ്റൊരു കൈസര്യയിൽനിന്നു വേർതിരിച്ചറിയുവാനും തന്റെ പേർ നിലനിർത്തുവാനും അതിനെ "ഫിലിപ്പിന്റെ കൈസര്യ" എന്നാക്കി (പ്രവൃ. 8:40; 12:19; 23:33).[5] ഔഗുസ്തോസ് കൈസരിന്റെ ഓർമ്മക്കായി മഹാനായിരുന്ന കൈസർ അവിടെ ഒരു ക്ഷേത്രം പണി കഴിപ്പിച്ചിരുന്നു.[6] പട്ടണത്തിൽ അധികവും ജാതികൾ തിങ്ങി പാർത്തിരുന്നെങ്കിലും, ഏതാനും യെഹൂദന്മാരും അവിടെ താമസിച്ചിരുന്നു.[7]

സ്വർഗരാജ്യം ആസന്നമായിരിക്കുന്നു എന്നു പ്രഖ്യാപിക്കുവാൻ യേശു ആ പട്ടണം തിരഞ്ഞെടുത്തത് എത്ര വൈപരീത്യമുളവാക്കുന്നു! ആ സ്ഥലം അന്നു വളരെ പ്രശസ്തനായ ഒരു രാജാവ് ഭൂമിയിൽ വാണുകൊണ്ടിരുന്ന സമയമായിരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ തന്റെ രാജ്യം എന്ന സഭ സ്ഥാപിക്കപ്പെടും എന്നരുളിച്ചെയ്തു. ദാനിയേൽ 2:44, 45 ന്റെ പ്രവചന നിറവേറലായിരിക്കും അവന്റെ രാജ്യത്തിന്റെ ആവിർഭാവം.

അവർ ഫിലിപ്പിന്റെ കൈസര്യയിൽ എത്തിയപ്പോൾ, യേശു തന്റെ അനുയായികളോട് ചോദിച്ചു, **"മനുഷ്യപുത്രനെ ആർ എന്നാണ് ആളുകൾ പറയുന്നത്?"** "മനുഷ്യപുത്രൻ" എന്ന പ്രയോഗം നടത്തിയിരിക്കുന്നത് ദാനിയേലിൽ പ്രവചിച്ച മശിഹയുമായി ബന്ധപ്പെട്ടാണ് (ദാനി. 7:13). പ്രവാചകനു ലഭിച്ച ദൈവത്തിന്റെ വാക്കുകളിൽ പലപ്പോഴും അർത്ഥമാക്കുന്നത് ലോകത്തിൽ ജനിച്ച "മനുഷ്യൻ" എന്നാണ്, ആ വാക്കാണ് തന്റെ മനുഷ്യത്വത്തെ ഊന്നി പറയുവാൻ യേശു പലപ്പോഴും ഉപയോഗിച്ചത്. (8:20 ന്റെ പരാമർശം നോക്കുക). തന്റെ വ്യക്തിത്വത്തെ കുറിച്ച് പല ഊഹാപോഹങ്ങളും പരന്നതുകൊണ്ടാണ് യേശു ആ വാക്ക് ഉപയോഗിച്ചത്.

**വാക്യം 14**. ആദ്യം, യേശു **യോഹന്നാൻ സ്നാപകനാണെന്ന് ചിലർ** പറയുന്നു എന്നാണ് ശിഷ്യന്മാർ പറഞ്ഞത്. അവരിൽ, മുൻപ് ശ്രദ്ധിച്ചതുപോലെ ഹെരോദാവ് അന്തിപ്പാസും ഉൾപ്പെട്ടിരുന്നു. യോഹന്നാൻ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേറ്റവനാണ് അവൻ, അതുകൊണ്ടാണ് അവന് ആ അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുന്നത് എന്നതായിരുന്നു അവരുടെ കാഴ്ച്ചപ്പാട് (14:2 ന്റെ പരാമർശം നോക്കുക).

**വേറെ** ചിലർ വിചാരിച്ചത് അവൻ **ഏലിയാവ്** ആയിരുന്നു എന്നാണ്. അവരുടെ ജീവിതശൈലിയിലും സന്ദേശത്തിലും ഉണ്ടായിരുന്ന സാമ്യം

കൊണ്ടായിരിക്കാം അവർ അങ്ങനെ ചിന്തിച്ചത്. കൂടാതെ മലാഖി പ്രവാചകൻ മുന്നറിയിച്ചത് ഏലിയാ പ്രവാചകൻ വരുമെന്നാണ് (മലാ. 4:5). ആ ഉദ്ധരണി എടുത്തു കാണിച്ച് യോഹന്നാൻ സ്നാപകനെ സൂചിപ്പിച്ച് ഏലിയാവ് വന്നു കഴിഞ്ഞു എന്നു പറഞ്ഞിരിക്കുന്നു (മത്താ. 11:14).

**വേറെ ചിലർ** വിചാരിച്ചത് അവൻ **യിരെമ്യാവ്** ആയിരുന്നു എന്നാണ്. “വിലപിക്കുന്ന പ്രവാചകൻ” എന്നറിയപ്പെട്ട പഴയനിയമ പ്രവാചകനും യേശുവിനും ദൈവജനത്തെ കുറിച്ചുണ്ടായിരുന്ന എരിവ് നിമിത്തമാകാം അവർ അങ്ങനെ വിചാരിച്ചത്. ആളുകളുടെ പാപം നിമിത്തം അവൻ വിലപിക്കുകയും ആളുകൾ മാനസാന്തരപ്പെടായ്കയാൽ, അവൻ വിലാപങ്ങളുടെ പുസ്തകം എഴുതുകയും ചെയ്തു. യേശുവും അതുപോലെ തുറന്നു കരഞ്ഞിരുന്നു, “അവൻ നിന്ദിതനും, വ്യസനപാത്രവുമായി തീർന്നിരുന്നു” (യെശ. 53:3). അവൻ യെരുശലേമിന്റെ നാശത്തെ മുന്നറിയിക്കുകയും (മത്താ. 24:1–28), ആളുകൾ മാനസാന്തരപ്പെടായ്കയാൽ നഗരത്തെ ചൊല്ലി കരയുകയും ചെയ്തു (ലൂക്കൊ. 19:41). യെഹൂദ മതാദ്ധ്യക്ഷന്മാരാൽ യേശുവും യിരെമ്യാവും കഷ്ടപ്പെട്ടിരുന്നു.

യേശുവിന്റെ ശുശ്രൂഷാ സമയത്ത് അപ്പോൾ, അവയിൽ ചിലതു സംഭവിച്ചിരുന്നില്ലെങ്കിലും ആളുകൾ അവനെ യിരെമ്യാവുമായി ബന്ധപ്പെടുത്തി പറഞ്ഞത് എന്തുകൊണ്ട്? യിരെമ്യാവിന്റെ മരണം തിരുവെഴുത്തിൽ പറയാതിരുന്നതിനാൽ, അവൻ സ്വർഗത്തിലേക്ക് പോകുകയും, മശിഹയുടെ അമർത്യശരീരത്തോടു യോജിക്കുകയും ചെയ്തുകാണുമെന്ന് ഒരുപക്ഷെ യെഹൂദന്മാർ വിശ്വസിച്ചിരിക്കാം.[8] കൂടാതെ, സ്വീഡെപിഗ്രാഫയിലെ ഒരു പുസ്തകത്തിൽ പറയുന്നത്, യിരെമ്യാവ് യെശയ്യാവോടുകൂടെ വന്നു ദൈവജനത്തെ സഹായിക്കും എന്നാണ്.[9] എങ്ങനെയായാലും, ഇത് പിൽക്കാലത്ത് യെഹൂദ പുസ്തകത്തോട് ക്രിസ്ത്യാനികൾ കൂട്ടിച്ചേർത്തതാണെന്ന് ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു.

യേശുവിനെ കുറിച്ച് ആളുകൾ നടത്തിയ മറ്റൊരു തിരിച്ചറിവ്: അവൻ **പ്രവാചകന്മാരിൽ ഒരാളായിരുന്നു** എന്നാണ്. ആരെയും പ്രത്യേകമായി പറയാതെ അവൻ പഴയനിയമ പ്രവാചകന്മാരിൽ ഒരാളാണെന്ന പൊതുവായ അഭിപ്രായമായിരുന്നു ഉണ്ടായിരുന്നത്. ആളുകൾ വിചാരിച്ചത് “പ്രവാചകന്മാരിൽ ഒരാൾ” മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു വന്നതാണ് എന്നായിരുന്നു (ലൂക്കൊ. 9:8, 19).

**വാക്യം 15.** മറ്റുള്ളവർ എന്തു പറയുന്നു എന്നതിനെ കുറിച്ചു ചർച്ച ചെയ്തശേഷം, അവൻ അപ്പൊസ്തലന്മാരുടെ ശ്രദ്ധ ആ വിഷയത്തിലേക്കു തിരിച്ചു: “**നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു**.” ഗ്രീക്കിൽ “നിങ്ങൾ” എന്ന സർവ്വനാമം ഊന്നി പറഞ്ഞിരിക്കുന്നു. തന്റെ വ്യക്തിത്വത്തെ മറ്റുള്ളവർ എങ്ങനെ വിശ്വസിക്കുന്നു എന്നതായിരുന്നു യേശുവിന്റെ ആദ്യത്തെ ചോദ്യം. എന്നാൽ ഇപ്പോൾ അവൻ അറിയുവാൻ ആഗ്രഹിക്കുന്നത് അപ്പൊസ്തലന്മാ*രുടെ* വിശ്വാസ പ്രകടനമാണ്. അവരിലും ചിലർക്ക് അവൻ ആരാണെന്ന കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നേക്കാം, എന്നാൽ ഇപ്പോൾ ശരിയായ തീരുമാനം പറയേണ്ട സമയമായിരിക്കുന്നു. ഭൂമിയിലെ അവന്റെ സമയം തീരാറായിരിക്കുന്നു, അവനു ശേഷം പിന്നെ അവന്റെ ജോലി ചെയ്യേണ്ട ആളുകളായിരുന്നു അവർ. അവനിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്, അല്ലെങ്കിൽ അവരുടെ ദൗത്യം വിജയിക്കുകയില്ല.

**വാക്യം 16. ശിമോൻ പത്രൊസ് ഉത്തരം പറഞ്ഞു, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു അത്രെ."** ശിഷ്യന്മാർക്കെല്ലാവർക്കുമായിട്ടായിരുന്നു പലപ്പോഴും പത്രൊസ് സംസാരിച്ചിരുന്നത് (14:28; 15:15; 16:16; 17:24-27; 18:21). അവന്റെ ഈ ഏറ്റുപറച്ചലിൽ രണ്ട് ഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ആദ്യം അവൻ യേശുവിനെ "ക്രിസ്തു" ആയി തിരിച്ചറിഞ്ഞു, അതിനു പുറമെ, അവൻ യേശുവിനെ "ദൈവപുത്രൻ" എന്നും വിളിച്ചു.[10]

പത്രൊസ് യേശുവിനെ "ക്രിസ്തുവായി" തിരിച്ചറിഞ്ഞതിനർത്ഥം അവർ വളരെ കാലമായി കാത്തിരിക്കുന്ന മശിഹയായിരുന്നു അവൻ എന്നാണ്. "ക്രിസ്തു" (*ക്രിസ്ടോസ്*) എന്ന ഗ്രീക്ക് വാക്ക് "മശിഹ" (*മഷിയാക്*) എന്ന എബ്രായ വാക്കിനു തുല്യമാണ്. താൻ "അഭിഷേകം ചെയ്യുവാൻ" തിരഞ്ഞെടുത്തവൻ എന്നാണ് അതു സൂചിപ്പിക്കുന്നത്.

അധികാരസ്ഥാനം അലങ്കരിക്കുന്നവരെ കുറിച്ചാണ് ആ ഭാഷ ഉപയോഗിച്ചിരിക്കുന്നത്-അതായത്, പ്രവാചകൻ അല്ലെങ്കിൽ മൂപ്പന്മാരുടെ സംഘം-ഭാവി രാജാവിനെയും ഒലിവെണ്ണ ഉപയോഗിച്ച് അഭിഷേകം ചെയ്യുമായിരുന്നു (1 ശമു. 16:13; 2 ശമു. 2:4; 5:1-3). യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യുന്നവൻ, ദൈവത്തിന്റെ പ്രതിനിധിയായിരുന്നു (സങ്കീ. 2:2, 6). ദാവീദിനു വാഗ്ദാനം ചെയ്തതുപോലെ, യേശു നിത്യസിംഹാസനത്തിലിരിക്കുമെന്നായിരുന്നു ആളുകളുടെ കാഴ്ച്ചപ്പാട് (2 ശമു. 7:16).[11] ആദ്യം കണ്ടുമുട്ടിയപ്പോൾ ശിമോൻ പത്രൊസിന്റെ സഹോദരൻ അന്ത്രെയൊസ് മശിഹയെ കണ്ടു എന്നു പറഞ്ഞിരുന്നു (യോഹ. 1:41). നഥനയേൽ അവനെ വിളിച്ചത് "യിസ്രായേലിന്റെ രാജാവ്" എന്നാണ് (യോഹ. 1:49), മശിഹ എന്നു മറ്റൊരുവിധത്തിൽ പറയുന്നതാണ് അത്.

"ജീവനുള്ള ദൈവത്തിന്റെ പുത്രൻ" എന്നത് മശിഹാ പേരായിരുന്നു, പക്ഷെ അതിൽ കൂടുതൽ അർത്ഥം ഉണ്ടായിരുന്നു (2 ശമു. 7:14; സങ്കീ 2:7; 89:26, 27; എബ്രാ. 1:5-14). യേശു ദൈവ പുത്രനാണെന്ന് ശിഷ്യന്മാരിൽ ചിലർ മുൻപ് തിരിച്ചറിഞ്ഞിരുന്നു. നഥനയേൽ അത്തരം ഒരു പ്രസ്താവന നടത്തിയിരുന്നു (യോഹ. 1:49), യേശു ഗലീലാ കടൽ ശാന്തമാക്കിയപ്പോൾ, പന്തിരുവരും അവൻ ദൈവപുത്രനെന്ന് സമ്മതിച്ചിരുന്നു (14:33). "ജീവന്റെ അപ്പം" എന്നതിനെ കുറിച്ച് യേശു പ്രസംഗിച്ചപ്പോൾ, പത്രൊസ് യേശുവിനെ "ദൈവത്തിന്റെ പരിശുദ്ധൻ" എന്നു വിളിച്ചിരുന്നു (യോഹ 6:68, 69). "അവൻ ദൈവ പുത്രൻ" എന്നു പറഞ്ഞതിലൂടെ, അവർ അവന്റെ ശക്തിയും ദൈവികത്വവും അംഗീകരിക്കുകയായിരുന്നു. അവന്റെ പിതാവ് "ജീവനുള്ള ദൈവം" ആയിരുന്നു. ജാതികൾ സേവിച്ച ജീവനില്ലാത്ത ദേവന്മാരിൽ വ്യത്യസ്തനായിട്ടായിരുന്നു പഴയനിയമ കാലത്ത് യഹോവയെ "ജീവനുള്ള ദൈവം" എന്നു വിളിച്ചിരുന്നത് (ആവ. 5:26; യോശു. 3:10; സങ്കീ. 42:2; ദാനി. 6:20; ഹോശെ. 1:10). തീർച്ചയായും, ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തിനു യോജിച്ച ഭാഷയായിരുന്നു അത്. അവിടെ ഔഗുസ്തോസ് കൈസരുടെ കാലത്ത് ബാലിനേയും പാൻ ദേവനേയും നമസ്ക്കരിച്ചിരുന്നു.

## യേശു: "ഞാൻ എന്റെ സഭയെ പണിയും" (16:17, 18)

**[17]യേശു അവനോട്, "ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ, ജഡ**

**രക്തങ്ങളല്ല സ്വർഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടു ത്തിയത്. [18]നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നി ന്നോട് പറയുന്നു."**

**വാക്യം 17**. ആ സത്യം അവൻ അറിയുകയാലും, ആ അറിവിന്റെ ഉറവിട ത്തെയും അറിയുകയാലാണ് **യേശു** പത്രൊസിനെ **ഭാഗ്യവാൻ** എന്നു വിളിച്ച ത്. ഒരാൾക്ക് അത്യധികമായ സന്തോഷം ലഭിക്കുന്നതിനെയാണ് "ഭാഗ്യവാൻ" എന്നു പറയുന്നത് (5:3–12; 11:6; 13:16; 24:46).

ആ സത്യം പത്രൊസിന് വെളിപ്പെടുത്തി കൊടുത്തത് മനുഷ്യരായിരു ന്നില്ല (**ജഡരക്തങ്ങൾ**), മറിച്ച് **സ്വർഗസ്ഥനായ പിതാവായിരുന്നു** എന്നതി നാലായിരുന്നു അവൻ "ഭാഗ്യവാനായത്." ദൈവവും മനുഷ്യരും തമ്മിലുള്ള അന്തരത്തെ കാണിക്കുവാൻ "ജഢ രക്തങ്ങൾ" എന്ന പ്രയോഗം യെഹൂദ എഴുത്തുകളിൽ അസംഖ്യം പ്രാവശ്യം വന്നിരിക്കുന്നതായി ജോൺ ലൈറ്റ്ഫുട്ട് പറഞ്ഞിരിക്കുന്നു.[12] പുതിയ നിയമത്തിൽ മനുഷ്യ ബലഹീനതകളെ ഊന്നി പറയുവാൻ അത് ഉപയോഗിച്ചിട്ടുണ്ട് (1 കൊ. 15:50; ഗലാ. 1:16; എഫെ. 6:12; എബ്രാ. 2:14). വാക്യം 17-ൽ എൻഈബി അതിനെ തർജിമ ചെയ്തിരിക്കുന്നത് "മർത്യ മനുഷ്യൻ" എന്നാണ്.

പിതാവ് വെളിപ്പെടുത്തി കൊടുത്ത സത്യം എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തു ചെയ്ത അത്ഭുതങ്ങളും, അവന്റെ ഉപദേശങ്ങളും ആയിരിക്കാം (11:25, 26). തന്റെ സന്ദേശവും ദൗത്യവും ദൈവത്തിൽനിന്നാണെന്ന് യേശു വ്യക്തമാക്കി കൊടുത്തിരുന്നു (യോഹ. 4:34; 5:30; 6:38, 39; 7:16). അതുകൊ ണ്ട്, യേശുവിന്റെ ശുശ്രൂഷയെ നിരീക്ഷിച്ച പത്രൊസിന്, അവൻ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ബോധ്യമായി (14:33; യോഹ. 6:69). മറ്റൊരു സാധ്യത എന്തെന്നാൽ, പരിശുദ്ധാത്മാവ് ആ സത്യം പത്രൊസിന് നേ രിട്ട് ബോധ്യമാക്കി കൊടുത്തു എന്നതാണ്. എങ്ങനെയായാലും, അത് ദൈവ ശ്വാസിയ കാലമായിരുന്നു (2 പത്രൊ. 1:20, 21). യേശുവിന്റെ വ്യക്തിത്വത്തെ ദൈവം ഇന്നും വെളിപ്പെടുത്തി കൊടുക്കും, പക്ഷെ അവന്റെ ദൈവശ്വാസിയ വചനത്തിൽ കൂടെ ആണെന്നു മാത്രം (റോമർ. 10:13–17).

യേശു പത്രൊസിനെ സംബോധന ചെയ്തത് **ബർയോനാ ശിമോനേ** എന്നാണ്. "ബെൻ" എന്ന എബ്രായ വാക്കിനു തുല്യമാണ് അത്; രണ്ടിന്റേയും അർത്ഥം "മകൻ" എന്നാണ്. "യോനാ" എന്നു പേരുള്ള ഒരാളുടെ മകൻ ആയി രുന്നു പത്രൊസ്. ആദ്യമായി പത്രൊസിനെ കണ്ടുമുട്ടിയപ്പോൾ യേശു അവനെ ആ പേരിൽ വിളിക്കുന്നുണ്ട് (യോഹ. 1:42). തന്റെ ഉയർത്തെഴുന്നേൽപി നുശേഷം ഗലീലാ കടൽക്കരയിൽ വെച്ച് പിന്നീട് യേശു മൂന്നു പ്രാവശ്യം അവനെ അങ്ങനെ വിളിക്കുന്നുണ്ട് (യോഹ. 21:15–17).

**വാക്യം 18**. യേശു പത്രൊസിനോട് പറഞ്ഞു, **"നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും**." അവർ ആദ്യം കണ്ടുമുട്ടിയ പ്പോൾ (യോഹ. 1:42), അവൻ ശിമോന് ഒരു അരാമ്യ പേരായ "കേഫാവ്" എന്ന് ഇട്ടിരുന്നു, അർത്ഥം "പാറ" എന്നാണ് (ഇയ്യോ. 30:6; യിരെ. 4:29 നോക്കുക). ഗ്രീക്കിൽ അതിനു തത്തുല്യമായ പേരാണ് പത്രൊസ് (*പെട്രോസ്*). അത് ഒരു പുല്ലിംഗ വാക്കാണ്, അർത്ഥം "കല്ല്" എന്നാണ്.[13] "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്ന് യേശു പറഞ്ഞപ്പോൾ, അവൻ ഒരുപക്ഷെ പത്രൊ

സിനോട് വാക്കുകൾകൊണ്ട് കളിക്കുകയാവാം ചെയ്തത്. യേശുവിന്റെ പ്ര സ്താവനയിലെ പാറ എന്നതിന്റെ ഗ്രീക്ക് വാക്ക് (*പെട്രാ*) ഒരു സ്ത്രീ ലിംഗ വാക്കാണ്, അർത്ഥം, “പരന്ന പാറ, അല്ലെങ്കിൽ രൂപപ്പെട്ട പാറ” എന്നാണ്.[14] നമ്മെ ഓർപ്പിക്കുന്നത് ഒരുപക്ഷെ ഫിലിപ്പിന്റെ കൈസര്യയിലെ പാറയുള്ള കുന്നുകളെയാണ്.

ജാതികളോട് യേശു ഗ്രീക്കിലാണ് സംസാരിച്ചിരുന്നതെങ്കിലും (15:21–28), ഇപ്പോൾ അവൻ തന്റെ ശിഷ്യന്മാരോട് സംസാരിക്കുമ്പോൾ അരാമ്യയായി രിക്കും ഉപയോഗിച്ചിരിക്കുക. അങ്ങനെയാണെങ്കിൽ, അവൻ “പത്രൊസ്” എന്നതിനും “പാറ” എന്നതിനും ഒരേ ഗ്രീക്ക് വാക്ക് ആയിരിക്കും ഉപയോ ഗിച്ചിരിക്കുക (*കീപാപ്*). അതു ശരിയാണെങ്കിൽ, യേശുവിന്റെ വാക്കുകൾ ഗ്രീക്കിലേക്ക് തർജിമ ചെയ്തപ്പോൾ, മത്തായി സ്വാഭാവികമായും *പെട്രാ* എന്ന സ്ത്രീലിംഗം അരാമ്യ വാക്കിനു ഉപയോഗിച്ചിരിക്കാം, കാരണം *പെട്രാ* എന്ന വാക്കാണ് ഏറ്റവും അടുത്ത യോജിക്കുന്ന വാക്ക്. എന്നാൽ പത്രൊസ് ഒരു പുരുഷൻ ആകയാൽ *പെട്രൊസ്* എന്ന നാമവും യോജിക്കുന്നതാണ്. ചില പ്പോൾ *പെട്രൊസ്* എന്നും *പെട്രാ* എന്നും മാറി മാറി ഉപയോഗിച്ചിട്ടുണ്ടെങ്കി ലും,[15] ഇത്തരം സന്ദർഭത്തിൽ അങ്ങനെ ആയിരിക്കുകയില്ല. അവന്റെ വാക്ക് “പത്രൊസ്” എന്നും “പാറ” എന്നും വേർതിരിച്ചറിയിക്കുന്നതാണ്.

യേശുവിന്റെ പ്രസ്താവനയുടെ അർത്ഥം പലപ്പോഴും വാദത്തിനിരയായി ട്ടുണ്ട്. അവിടെ “പാറ” എന്നു പറയുന്നത് പത്രൊസിനെ തന്നെയാണെന്ന് ഒരു വാദമുണ്ട്. മറ്റൊരർത്ഥത്തിൽ, ക്രിസ്തു സഭ പണിയുന്നത് പത്രൊസിന്മേൽ ആണെന്നു സാരം. ഈ കാഴ്ച്ചപ്പാടുള്ളവർ, ക്രിസ്ത്യാനിത്വം ആരംഭിച്ചപ്പോൾ പത്രൊസിന്റെ മുഖ്യ പങ്ക് എടുത്തു കാണിച്ച് പത്രൊസിനെ അപ്പൊസ്തലന്മാ രിൽ പ്രമുഖനാക്കുന്നു. അവന് തീർച്ചയായും പ്രധാനപ്പെട്ട പങ്ക് വഹിക്കുവാ നുണ്ടായിരുന്നു, പക്ഷെ അവൻ അപ്പൊസ്തലന്മാരിൽ മുഖ്യനായിരുന്നില്ല. അപ്പൊസ്തലന്മാരുടെ പട്ടികയിലെല്ലാം *ആദ്യം* പറയുന്നത് പത്രൊസിന്റെ പേരായിരുന്നു എന്നത് പത്രൊസിന്റെ നയിക്കുന്ന പ്രാധാന്യത്തെ എടുത്തു കാണിക്കുകയാണ് (10:2–4; മർ. 3:16–19; ലൂക്കൊ. 6:14–16; പ്രവൃ. 1:13). യേശു വിന്റെ സ്വർഗാരോഹണത്തിനുശേഷം, താഴെ കൊടുത്തിരിക്കുന്ന സംഭവ ങ്ങളിൽ അവൻ ഒരു നായകന്റെ പങ്ക് വഹിച്ചിരുന്നു: യൂദക്ക് പകരം ശിഷ്യ ന്മാരിൽനിന്ന് അപ്പൊസ്തലനെ തിരഞ്ഞെടുക്കുമ്പോൾ (പ്രവൃ. 1:15–22), പെ ന്തെകൊസ്തുനാളിൽ സഭ സ്ഥാപിച്ചപ്പോൾ (പ്രവൃ. 2:14–40), ശമര്യക്കാരിൽ പരിശുദ്ധാത്മാവിനാൽ അത്ഭുതവരങ്ങൾ പകർന്നു കൊടുക്കുമ്പോൾ (പ്രവൃ. 8:14–25), ജാതികളിലേക്ക് സുവിശേഷം വ്യാപിപ്പിക്കുമ്പോൾ (പ്രവൃ. 10; 11), യെഹൂദ–ജാതി തർക്കം പരിഹരിക്കുമ്പോൾ (പ്രവൃ. 15:7–11).

ആ കാഴ്ച്ചപ്പാട് വെച്ചുകൊണ്ടാണ്, പാരമ്പര്യമായി കത്തോലിക്കാ വിഭാഗം തെറ്റായി ആദ്യത്തെ പോപ് ആയി പത്രൊസിനെ വാഴിക്കുകയും, ആ സ്ഥാനം നിരന്തരമായി തുടരുന്നു (“അപ്പൊസ്തോലിക പിൻതുടർച്ച”) എന്ന് അവകാ ശപ്പെടുകയും ചെയ്യുന്നത്. ഉദാഹരണമായി, ദൈവത്തിന്റെ ചരിത്രത്തിൽ, പ ത്രോസ് നിർണ്ണായകമായ പ്രവർത്തനം കാഴ്ച്ച വെച്ചതായി ഡേവിഡ് ഹിൽ വിലയിരുത്തി. അദ്ദേഹത്തിന്റെ വിലയിരുത്തലിൽ, റോമിലെ ബിഷപ്പുമാരിൽ അതേ പങ്ക് ഇന്നുള്ളത് നിയമപരമായ ഒന്നല്ല.[16] അതിനു പുറമെ, ഡൊണാൾഡ് എ. ഹാഗ്നെർ പറഞ്ഞു,

> ആ വേദഭാഗം എടുത്ത് അതിന്റെ സ്വാഭാവിക അർത്ഥം, പത്രൊസ് പാറയാണെന്നും, അവന്മേലാണ് സഭ പണിതിരിക്കുന്നതെന്നും പറയുമ്പോൾ തന്നെ അത് പാപ്പസിയെ ഉറപ്പിക്കുകയോ, സഭയെ തള്ളിക്കളയുകയോ ചെയ്യുന്നില്ല. അപ്പൊസ്തലന്മാർ യേശു എന്ന പരന്ന പാറയിന്മേലായിരുന്നു വസിച്ചിരുന്നത്. യേശുവാണ് നിർമ്മാതാവ്, അപ്പൊസ്തലന്മാർ ചെയ്തതെല്ലാം അവൻ മുഖാന്തരം മാത്രമായിരുന്നു ... എല്ലായ്പോഴും ചൂണ്ടിക്കാട്ടിയതുപോലെ, ഇവിടെ പാറ എന്നത് സൂചിപ്പിച്ചിരിക്കുന്നത് പത്രൊസിന്റെ ഏറ്റു പറച്ചലാണ്, അവൻ ക്രിസ്തുവിന്റെ പ്രതിനിധിയായിരുന്നതിനാൽ, അവനു കൊടുക്കുന്ന അധികാരം താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ സുവിശേഷം പ്രഖ്യാപിക്കുന്നതിനാണ്.[17]

ആ സ്ഥാനത്തെ പൗലൊസ് എഫെസ്യർ 2:20-ൽ, "സഭ പണിതിരിക്കുന്നത്[18] അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേലാണെന്നു വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തു തന്നെയാണ് മൂലക്കല്ല്" (വെളി. 21:14 നോക്കുക).

ആ വാക്യത്തിന്റെ ഘടനയെ കുറിച്ചുള്ള മറ്റൊരു കാഴ്ച്ചപ്പാട്, "യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രൊസ് ഏറ്റു പറഞ്ഞതാണ് "പാറ" എന്നതാണ് (16:16). ദൈവത്തിന്റെ പുതിയ ഭവനം പണിയുന്നത് മശിഹയാകുന്ന പാറയിന്മേലാണെന്ന് പഴയനിയമ പ്രവചനം പറയുന്നു (സങ്കീ. 118:22; യെശ. 28:16; ദാനി. 2:44, 45). സഭ പണിയുന്നത് ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേലാണ് എന്ന് പുതിയനിയമം ഉറപ്പിച്ചു പറയുന്നു (21:42; പ്രവൃ. 4:10–12; 1 കൊ. 3:11; 1 പത്രൊ. 2:4–8). ഇവിടെ പത്രൊസ് ഏറ്റു പറഞ്ഞതായ ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് അടിസ്ഥാനം. ക്രിസ്തുവിൽ വിശ്വസിച്ചു വരുന്ന ഒരാൾ സ്നാനത്തിനു മുൻപ് ഈ ഏറ്റു പറച്ചൽ നടത്തുന്നു (പ്രവൃ. 8:37), അവിടെ അയാൾ ക്രിസ്തുവിനോടും സഭയോടും ചേരുകയാണ് (പ്രവൃ. 2:41; റോമർ. 6:3–5; 1 കൊ. 12:13; ഗലാ. 3:26, 27). ഈ രീതിയിൽ, നല്ല ഏറ്റുപറച്ചൽ സഭയുടെ അടിസ്ഥാനത്തിൽ സജീവമായി തീർന്നു.

ജെ. ഡബ്ല്യു. മെക്കാർവേ പാറമേൽ പണിത ഒരു പട്ടണവുമായി രാജ്യത്തിന്റെ (സഭ) ആ സ്ഥാനത്തെ താരതമ്മ്യം ചെയ്തു പറയുകയുണ്ടായി. ക്രിസ്തു അതിന്റെ നിർമ്മാതാവും (16:18), പത്രൊസ് അതിന്റെ താക്കോലുമായി കാവൽക്കാരനായിരിക്കെ (16:19), പാറ മറ്റൊന്നിനെ ആയിരിക്കണം പ്രതിനിധീകരിക്കുന്നത്. ഉടനെ പറയുന്ന സന്ദർഭം വ്യക്തമാക്കുന്നത് നല്ല സ്വീകാരം ആണ് അതിന്റെ അടിസ്ഥാനം എന്നാണ് (16:16, 17). മെക്കാർവേ എഴുതി,

> ക്രിസ്തീയ വ്യവസ്ഥയിലെ ഏറ്റവും അടിസ്ഥാനപരമായ സത്യമാണ്, ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് ക്രിസ്തു എന്നത്-മുകളിലേക്കുള്ള സകല ഘടനകളും അതിന്മേലാണ് സ്ഥിതി ചെയ്യുന്നത്, അപ്പോൾ രക്ഷകന്റെ കാര്യത്തിൽ പാറയെ പ്രതിനിധാനം ചെയ്തിരിക്കുന്നത് വളരെ ഉചിതമാണ്.[19]

മെക്കാർവെയുടെ ഈ കാഴ്ച്ചപ്പാടിനെ അത്യധികമായി അഭിനന്ദിച്ചിട്ടുണ്ട്. സന്ദർഭവും, വാക്കുകളുടെ കളിയും, പുതിയനിയമത്തിലെ അടിക്കടിയുള്ള

ഉപദേശവും അതിനെ മാറ്റിനിർത്തുവാൻ പറ്റാത്തതാക്കുന്നു.

താൻ പണിയുവാൻ പോകുന്നതിനെ കുറിച്ച് വിവരിച്ച്, യേശു ഉപയോഗിച്ചത് അവകാശ സർവ്വനാമമായ "എന്റെ" എന്നാണ്. അവൻ ഉപയോഗിച്ച "സഭ" എന്ന വാക്ക് (*എക്ലേസിയ*) ആദ്യമായാണ് പുതിയനിയമത്തിൽ നാം കാണുന്നത്. സുവിശേഷ എഴുത്തുകാരിൽ മത്തായി മാത്രമാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് (16:18; 18:17). *എക്ലേസിയ* എന്ന വാക്ക് "ഇടവക" എന്നും "സഭായോഗം"[20] എന്നും തർജിമ ചെയ്യാവുന്നതാണ്, ആ വാക്ക് പുതിയനിയമത്തിൽ 114 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അതിനെ സാർവ്വദേശിയ സഭ എന്ന അർത്ഥത്തിലും (എഫെ. 1:22; 5:23), ഒരു പ്രദേശത്തിലെ ഇടവകകളെ മൊത്തത്തിലും (1 കൊ. 16:1), ഒരു പ്രാദേശിക സഭയെ ഉദ്ദേശിച്ചും (1 കൊ. 1:2), സഭ കൂടിവരുന്നതിനെ കുറിച്ചും പറയുന്നു (1 കൊ. 11:18; 14:28). യേശു മത്തായി 16:18-ൽ സഭ എന്ന വാക്ക് ഉപയോഗിച്ചപ്പോൾ, അത് സാർവ്വദേശിയ സഭയെയാണ് ഉദ്ദേശിച്ചത്. *സഭ* ക്രിസ്തുവിനുള്ളതാണ്; അവൻ അത് ക്രൂശിൽ ചിന്തിയ രക്തത്താൽ സമ്പാദിച്ചതാണ് (പ്രവൃ. 20:28; 1 പത്രൊ. 1:18, 19; 1 കൊ. 6:20 നോക്കുക). റോബർട്ട് എച്ച്. ഗൺഡ്രി വിചാരിച്ചത്, മത്തായിയിൽ പറഞ്ഞ "എന്റെ സഭ " എന്ന പ്രയോഗം "അവരുടെ [അല്ലെങ്കിൽ, 'നിങ്ങളുടെ'] പള്ളി (കൾ)" എന്നു പറഞ്ഞതിന്റെ എതിരാണെന്നാണ് (4:23; 9:35; 10:17; 12:9; 13:54; 23:34).[21]

**പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല** എന്ന് യേശു പിന്നെ പത്രൊസിനോട് പറഞ്ഞു. കെജെവിയിൽ "നരക വാതിലുകൾ" എന്നാണ്, അത് "പാതാളം" (*ഹേഡെസ്*) എന്നതിന്റെ തെറ്റായ തർജിമയാണ്. പുതിയനിയമത്തിൽ "പാതാളം" എന്ന മരിച്ചവർക്കുള്ള സ്ഥാനം ഉപയോഗിച്ചിരിക്കുന്നത് "നരകം" (*ഗെഹെന്നെ*) എന്നതിൽനിന്നു വേർതിരിച്ചു കാണിച്ചുകൊണ്ടാണ്, അത് അവസാന ശിക്ഷാവിധിയെയാണ് സൂചിപ്പിക്കുന്നത്. ജാക്ക് പി. ലേവിസ് വിവരിച്ചത് കെജെവി തർജ്ജിമയിൽ, ഇംഗ്ലീഷ് വാക്ക് "നരകം" ഉപയോഗിച്ചത് രണ്ട് ഗ്രീക്ക് വാക്കുകളാലാണ്. ആ സമയത്ത്, "പാതാളം" എന്നത് ഇംഗ്ലീഷിൽ വിതരണം ചെയ്ത് തുടങ്ങിയിരുന്നതേയുള്ളു. ഈ വാക്യത്തിൽ, മിക്ക ആധുനിക വെർഷനുകളിലും "പാതാള ഗോപുരങ്ങൾ" എന്നോ അതിനു തുല്യമായതോ ആണ്.[22]

പുരാതന ലോകത്ത്, വാതിലുകൾ ശക്തിയുള്ളതായിരുന്നു കാരണം പട്ടണങ്ങളുടെ പ്രതിരോധത്തിന് അതാവശ്യമായിരുന്നു. "പാതാളം" എന്നതിന്റെ ഗ്രീക്കു വാക്ക് (*ഹെയിഡെസ്*) എബ്രായ വാക്കായ "ഷിയോൾ" (*ഷ്യോൾ*); രണ്ടു വാക്കുകളും മരിച്ചവരുടെ സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. മരണത്തിന്റെ ശക്തിയേയും, "ഹെയിഡസ്" എന്നും "ഗൈറ്റ്സ്" എന്നും യോജിപ്പിച്ചാണ് യേശു ആ രണ്ട് ആശയങ്ങളേയും പറയുന്നത് (ആർഎസ്സ്വി; എൻഇബി; ആർഇബി നോക്കുക). അത് ഉറപ്പിക്കുന്നതാണ് "ഗേയിറ്റ്സ് ഓഫ് ഷിയോൾ" എന്നതും "ഗെയിറ്റ്സ് ഓഫ് ഡെത്ത്" എന്ന പഴയനിയമ പ്രയോഗവും (ഇയ്യോ 17:16 [എൻഐവി]; 38:17; സങ്കീ. 9:13; 107:18; യെശ. 38:10). ഗ്രീക്ക് സാഹിത്യത്തിൽ, "പാതാള ഗോപുരങ്ങൾ" എന്നതും "മരണ ഗോപുരങ്ങൾ" എന്നതും മരണാധിപത്യ പ്രതലത്തെ സൂചിപ്പിക്കുന്നു.[23] അപ്പോക്രിഫയിലെ ഒരു പുസ്തകം പറയുന്നത് "ജീവന്റെയും മരണത്തിന്റെയും ശക്തി" ദൈവത്തിനുള്ളതാണെന്നും, അവൻ "മൃതശരീരങ്ങളെ പാതാളഗോപുരങ്ങളിലേക്കും തിരിച്ചും" അയക്കുന്നു എന്നാണ്.[24]

യേശു പറഞ്ഞു, പാതാള ഗോപുരങ്ങൾ (മരണത്തിന്റെ ശക്തി) "അതിനെ ജയിക്കയില്ല." എന്താണവൻ അർത്ഥമാക്കിയത്? പൊതുവിൽ രണ്ട് വ്യാഖ്യാന ങ്ങൾ സാദ്ധ്യമാണ്. ഒന്ന് "അത്" എന്ന സർവ്വനാമം പറയുന്നത് സഭ വാസ്ത വത്തിൽ പണിയുന്നതിനെയാണ്. തന്റെ രാജ്യം സ്ഥാപിക്കുന്നതിനു മരണം തടസമാകുകയില്ല. ആ ആശയം ഉടനെ വരുന്ന സന്ദർഭത്തിൽ, കർത്താവ് തന്റെ മരണത്തെയും ഉയർപ്പിനെയും മുന്നറിയിക്കുമ്പോൾ കാണാം (16:21). പെന്തെക്കോസ്തു നാളിൽ, പത്രോസ് പ്രസംഗിച്ചു, "ദൈവമോ മരണപാ ശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേൽപിച്ചു. മരണം അവനെ പി ടിച്ചുവെക്കുന്നതു അസാദ്ധ്യമായിരുന്നു"; "അവനെ പാതാളത്തിൽ വിട്ടുകള ഞ്ഞില്ല, അവന്റെ ജഡം ദ്രവത്വം കാണ്മാൻ സമ്മതിച്ചതുമില്ല " (പ്രവൃ. 2:24, 31). പൗലോസ് എഴുതി "ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിനു അവന്റെ മേൽ ഇനി കർത്തൃത്വമില്ല" (റോമർ. 6:9 എൻആർഎസ്സ്വി). എങ്ങനെയായാലും, യേശു പറഞ്ഞതു പണിയൽ നടപടിയെക്കുറിച്ച് ആണെങ്കിൽ നാം പ്രതീക്ഷിക്കുന്നത് സർവ്വനാമം നപും സകമാകുവാനാണ് സാധ്യത.

"അത്" (*ആട്ടെസ്*) എന്ന സർവ്വനാമം രണ്ടാമത് വ്യാഖ്യാനിക്കപ്പെടുന്നത്, സ്ത്രീലിംഗമായി ഉപയോഗിച്ചിരിക്കുന്നത് സഭയെയാണ്. ആ വ്യാഖ്യാനം എടുത്ത്, നാം തീർച്ചപ്പെടുത്തുന്നത് കർത്താവിന്റെ രാജ്യം നിത്യവും, പരാജയ പ്പെടുത്തുവാൻ സാദ്ധ്യമല്ലാത്തതുമാണ് എന്നത്രേ (ദാനി. 2:44). ഉപദ്രവത്താൽ അതിനെ നിർത്തുവാൻ കഴിയുകയില്ലാ എന്ന്, പ്രത്യേകമായി നമുക്കു പറയാം. അദ്ധ്യായത്തിന്റെ സന്ദർഭത്തിലും ഈ വിഷയം കാണാം. രക്ത സാക്ഷിത്വം വഹിക്കേണ്ടി വന്നാലും, തന്നെത്താൻ ത്യജിച്ച് തന്നെ അനുഗമിക്കുവാനാണ് പിൻപറ്റിയവരോട് യേശു പറഞ്ഞതു (16:24-27).

ക്രിസ്ത്യാനികളെ മരണം പിടിച്ചുവെക്കുക അസാദ്ധ്യമാണെന്നാണ് ഇതി നെക്കുറിച്ചുള്ള മറ്റൊരു ചിന്ത (1 കൊ. 15:50-57). വെളിപ്പാടിൽ, "മരണത്തി ന്റേയും പാതാളത്തിന്റേയും താക്കോൽ" ഉള്ളവൻ എന്നാണ് ക്രിസ്തുവിനെ ക്കുറിച്ച് പറഞ്ഞിരിക്കുന്നത് (വെളി. 1:18). അവസാനം, "മരണവും പാതാളവും" തങ്ങളുടെ മരിച്ചവരെ തീ പൊയ്കയിലേക്കു തള്ളിയിടും (വെളി. 20:13, 14).

## യേശു; "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു" (16:19, 20)

**19"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമി യിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" എന്നു ഉത്തരം പ റഞ്ഞു. 20പിന്നെ താൻ ക്രിസ്തു ആകുന്നു എന്നു ആരോടും പറയാതിരി പ്പാൻ ശിഷ്യന്മാരോടു കല്പിച്ചു.**

**വാക്യം 19.** താൻ തന്റെ സഭ പണിയുമെന്ന് വാഗ്ദാനം ചെയ്തശേഷം (16:18), യേശു പത്രോസിനോടു പറഞ്ഞു, "**സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു.**" അവൻ ഇവിടെ "സഭ" എന്നും "രാജ്യം" എന്നും മാറിമാറി ഉപയോഗിച്ചിരിക്കുന്നു എന്നു തോന്നുന്നു. തന്റെ അപ്പോസ്തലന്മാ രുടെ കാലയളവിൽ തന്നെ രാജ്യം (സഭ) വരുമെന്നു ക്രിസ്തു പറഞ്ഞിരുന്നു

(16:28), അത് ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ യാഥാർത്ഥ്യമാകുമെന്ന് മറ്റു വേദഭാഗങ്ങൾ പറയുന്നു (കൊലൊ. 1:13; എബ്രാ. 12:28; വെളി. 1:9).

പൂട്ടിയ വാതിലുകൾ തുറക്കുന്നതിനാണ് താക്കോൽ ഉപയോഗിച്ചിരുന്നത്; അവ പ്രവേശിക്കുന്നതിനുള്ളതാണ്.[25] തിരുവെഴുത്തിൽ, "താക്കോൽ" ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നത് ഒരാളുടെ അധികാരത്തേയും ഉത്തരവാദിത്വത്തേയും കാണിക്കുന്നതിനാണ് (യെശ. 22:22; വെളി. 1:18; 3:7; 9:1; 20:1). പെന്തെകൊസ്തുനാളിൽ പത്രൊസ് താക്കോൽ ഉപയോഗിച്ചു-സുവിശേഷം പ്രസംഗിച്ചത്-യെഹൂദന്മാർക്ക് രാജ്യത്തിലേക്ക് പ്രവേശിക്കുന്നതിനായിരുന്നു. (പ്രവൃ. 2:14-42). കുറെ കഴിഞ്ഞ് അതേ താക്കോൽ ഉപയോഗിച്ച് അവൻ ജാതികൾക്ക് രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ അവസരം ഒരുക്കി (പ്രവൃ. 10:34-48; 15:7).

എങ്ങനെയായാലും, ആ താക്കോൽ പത്രൊസിന്റെ പ്രത്യേക അധികാരമായിരുന്നില്ല കാണിക്കുന്നത്; അതേ അധികാരം മറ്റു അപ്പൊസ്തലന്മാർക്കും നൽകിയിരുന്നു (28:18-20; മർക്കോ. 16:15,16; ലൂക്കോ. 24:47; പ്രവൃ. 2:14). അതിലുപരിയായി സുവിശേഷം പ്രസംഗിച്ച മറ്റു ശിഷ്യന്മാരും താക്കോൽ ഉപയോഗിച്ച് സ്വർഗ്ഗത്തിലേക്കുള്ള വാതിൽ തുറന്നു കൊടുത്തു. (പ്രവൃ. 8:4-13, 26-40; 16:14, 15, 25-34). ലോകം മുഴുവൻ ക്രിസ്തുവിന്റെ സുവിശേഷം വിശ്വസ്തമായി പ്രസ്താവിക്കുന്ന ക്രിസ്ത്യാനികൾ താക്കോൽ ഉപയോഗിക്കുന്നവരാണ്.

യെഹൂദ മതം നിലവിലിരുന്നപ്പോൾ തന്നെ സുവിശേഷം പ്രസംഗിച്ചത് ആധികാരികമായി "താക്കോൽ" ഉപയോഗിക്കുന്നതായിരുന്നു. "ശാസ്ത്രിമാരെ നിയോഗിക്കുമ്പോൾ താക്കോൽ ഏൽപിക്കുന്നത് അതിന്റെ ഒരു ഭാഗമായിരുന്നു."[26] ഒരു റബ്ബിയുടെ ഉപദേശാധികാരത്തെ ആലങ്കാരികമായി താൽമൂദിൽ താക്കോൽ എന്നു പറയുന്നു.[27] "ആളുകൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാതിരിക്കുവാൻ വാതിൽ അടക്കുന്നവരാണ് ശാസ്ത്രിമാരും പരീശന്മാരും എന്നാണ് യേശു ശാസിച്ച് പറഞ്ഞിരുന്നത്" (23:13). "പരിജ്ഞാനത്തിന്റെ താക്കോൽ" ശാസ്ത്രിമാർ എടുത്തുകളയുന്നതായി അവൻ പറയുന്നു (ലൂക്കൊ. 11:52). അവർ നിയമത്തേയും കാപട്യത്തേയും മുറുകെ പിടിച്ചതുകൊണ്ട് ആ മതാദ്ധ്യക്ഷന്മാർ തിരുവെഴുത്തുകളെ വ്യാഖ്യാനിച്ചത് മനസിലാക്കുവാനോ, യേശുവിനെ കുറിച്ചുള്ള സത്യം സ്വീകരിപ്പാനോ ആളുകൾക്കു കഴിഞ്ഞില്ല. അതുകൊണ്ട് ആളുകൾ രാജ്യത്തിൽ പ്രവേശിക്കുന്നതിനെ അവർ നിരുത്സാഹപ്പെടുത്തി.

യേശു പത്രൊസിനോടു തുടർന്നു പറഞ്ഞു, **"നീ ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കയും നീ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കുകയും ചെയ്യും."** കുറച്ചു സമയം കഴിഞ്ഞ്, കർത്താവ് അതേ വാഗ്ദാനം എല്ലാ അപ്പോസ്തലന്മാർക്കും നൽകി (18:18). എൻഎഎസ്സ്ബിയിൽ പൂർണ്ണക്രിയകൾ ഉപയോഗിച്ച് ("കെട്ടപ്പെട്ടിരിക്കും," "അഴിഞ്ഞിരിക്കും") എന്നാണ് രണ്ട് വേദഭാഗത്തും പറയുന്നത്. സഭയിൽ നിയമാവലികൾ ഉണ്ടാക്കുവാനുള്ള അധികാരമല്ല യേശു പത്രോസിനും മറ്റു അപ്പോസ്തലന്മാർക്കും നൽകിയത്. പകരം, യേശു അവരെ പഠിപ്പിച്ചതെല്ലാം മറ്റുള്ളവരോടു കല്പിക്കേണ്ടതിന് പരിശുദ്ധാത്മ ശ്വാസീയത നൽകുകയായിരുന്നു-ആ സത്യങ്ങൾ അവന് സ്വർഗ്ഗസ്ഥനായ പിതാവിനാൽ ആയിരുന്നു ആദ്യം ലഭിച്ചത് (28:20; യോഹ. 14:15-17, 26; 15:26, 27; 16:12-15).

യേശുവിന്റെ കാലത്ത് "കെട്ടുക" എന്നതും "അഴിക്കുക" എന്നതും വിവിധ യെഹൂദാ സ്കൂളുകളിൽ പഠിപ്പിച്ചിരുന്ന സുപരിചിതമായ വാക്കുകളായിരുന്നു. ആ വാക്കുകൾ നിർവ്വചിക്കുന്നത് ആവശ്യമുള്ളതും, ആവശ്യമില്ലാത്തതും, നിയമപരവും (അനുവദനീയം) നിയമ രഹിതവും (അനുവദനീയമല്ലാത്ത) ആയവ എന്നാണ്. റബ്ബിമാരുടെ സാഹിത്യത്തിൽനിന്ന് ലൈറ്റ് ഫുട് ചില ഉദാഹരണങ്ങൾ നൽകുന്നു, അവയിൽ മിക്കവയും ഉദാരമതികളായ ഹില്ലേലിന്റെ സ്കൂളിനെതിരായതാണ് യാഥാസ്ഥിതികരായ ശമ്മായിയുടെ സ്കൂളിന്റേത്. ആ ഉദ്ധരണികൾ പലതും പറയുന്നത്, "ശമ്മായിയുടെ സ്കൂൾ അത് കെട്ടുന്നു, എന്നാൽ ഹില്ലേലിന്റെ സ്കൂൾ അത് അഴിക്കുന്നു" എന്നാണ്.[28]

പത്രൊസും മറ്റു അപ്പൊസ്തലന്മാരും വാസ്തവത്തിൽ എന്തായിരുന്നു കെട്ടുകയും അഴിക്കുകയും ചെയ്തത്? സഭയിൽ പ്രവേശിക്കേണ്ടതിനും പാപമോചനത്തിനും, മാനസാന്തരവും സ്നാനവും അനിവാര്യമാണെന്നാണ് അവൻ അവരെ മുൻപ് പഠിപ്പിച്ചത്, പ്രവൃത്തികൾ 2 തുടങ്ങുന്നതു മുതൽ വീണ്ടും അത് ആവശ്യമായിരുന്നു (പ്രവൃ. 2:38–41). പാപം ക്ഷമിക്കപ്പെടുന്നതിനുള്ള ഉപാധികൾ അപ്പൊസ്തലന്മാർ പഠിപ്പിച്ചത് യോഹന്നാൻ 20:23 ലെ ബുദ്ധിമുട്ട് നീക്കം ചെയ്യുന്നതാണ്: "ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു, ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു." രക്ഷക്ക് യേശു എന്തു ചെയ്യണം എന്നാവശ്യപ്പെട്ടുവോ അതായിരുന്നു അവർ ആളുകളോട് പറയേണ്ടിയിരുന്നത്. കാലം കടന്നുപോകുവോളം, സഭയിൽ പ്രവേശിക്കുന്നതിനും, വിശ്വസ്ത ക്രിസ്തീയ ജീവിതത്തിനും ആവശ്യമായതെല്ലാം അപ്പൊസ്തലന്മാർ പഠിപ്പിച്ചു. "അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളിൽ" സമർപ്പിക്കപ്പെടേണ്ടതിന്റെ ആധികാരികതയെ ആദ്യ വിശ്വാസികൾ തിരിച്ചറിഞ്ഞിരുന്നു (പ്രവൃ. 2:42). ആ ഉപദേശത്തെ ലംഘിച്ചപ്പോൾ, അവരുടെ അധികാരം ഉപയോഗിച്ച് സഭയിൽ അച്ചടക്കവും വരുത്തിയിരുന്നു (പ്രവൃ. 5:1–11), പരിശുദ്ധാത്മാവിന്റെ വരം ദ്രവ്യം കൊടുത്തു വാങ്ങുവാൻ പരിശ്രമിച്ച ശിമോന്റെയും അനുഭവം നമുക്ക് മുന്നിലുണ്ട് (പ്രവൃ. 8:18–24).

**വാക്യം 20.** ആ സംഭാഷണത്തെ തുടർന്നു, **താൻ ക്രിസ്തു ആണെന്ന് ആരോടും പറയരുത്** എന്ന നിർദ്ദേശം യേശു തന്റെ അനുയായികൾക്ക് നൽകി. യേശു ദൈവത്തിന്റെ പുത്രനും ക്രിസ്തുവും ആണെന്ന് പത്രൊസ് ഏറ്റു പറഞ്ഞിരുന്നു (16:16) – മറ്റ് അപ്പൊസ്തലന്മാർക്കും അത് തീർച്ചയുള്ള കാര്യമായിരുന്നു (14:33). എങ്ങനെയായാലും, അവനും പന്തിരുവരിൽ ശേഷമുള്ളവർക്കും മാത്രമെ ആ അമാനുഷമായ അർത്ഥം മനസിലായിരുന്നുള്ളു, യേശു പിന്നീട് അതിന്റെ പൂർണ്ണമായ അർത്ഥം അവർക്ക് പറഞ്ഞുകൊടുത്തു (16:21). അവന്റെ ഭൂമിയിലെ സമയം അവസാനിക്കാറായിരുന്നു, എന്നാൽ തന്റെ വ്യക്തിത്വം പൊതുവിൽ അവൻ നിശ്ചയിച്ച സമയത്തിനു മുൻപ് വെളിപ്പെടുത്തി. ദൈവപദ്ധതിയിലെ അവന്റെ ശുശ്രൂഷ അപകടപ്പെടുത്തുമായിരുന്നു. ശരിയായ സമയത്ത്, താൻ ആരാണെന്ന് ധൈര്യത്തോടെ പ്രഖ്യാപിക്കുന്നതിൽനിന്നു യേശു പിൻമാറിയില്ല (26:63, 64; 27:11).

## യേശുവിന്റെ രൂപങ്ങൾ (16:13-20)

മത്തായി 16:13-20-ൽ യേശു ആരാകുന്നു എന്ന സർവ്വ-പ്രധാനമായ ചോദ്യത്തെ കൈകാര്യം ചെയ്യുകയാണ്. "യേശുവിന് നാല് രൂപങ്ങൾ" ഉള്ളതായി ഒരു മതപരമായ വർത്തമാന പത്രികയുടെ പത്രാധിപ കുറിപ്പിൽ വരികയുണ്ടായി.[29] ഏത് യേശുവിലാണ് നിങ്ങൾ വിശ്വസിക്കുന്നത്? ചന്ത സ്ഥലത്തെ ആഗോള മുതലാളിത്ത വ്യവസ്ഥക്കായുള്ള മശിഹയെയോ? അതോ സമൂഹത്തെ മുന്നോട്ട് നയിക്കുന്നവനും പൂർവ്വസ്ഥിതി തള്ളിക്കളഞ്ഞവനുമായ, ഇടതുപക്ഷക്കാരനും സമാധാനപ്രിയനുമായ നസ്രേത്തുകാരനേയോ? അതോ നിശബ്ദനായ-കുഞ്ഞാ-ടാ-യ (ദൈവത്തിന്റെ) സഭയുടെ-ക്രിസ്തുവായി പുതിയനിയമം അവനെ പറഞ്ഞിരിക്കുന്നവയെ എല്ലാം സംശയിക്കുകയാണോ? അതോ അവൻ വീണ്ടും വന്ന വീണ്ടെടുപ്പുകാരനായും, വീണ്ടും വരുന്നവനെന്നു പറയുന്ന ശുഭ പ്രതീക്ഷയെല്ലാം, വിട്ട് ലോകത്തിൽ വർദ്ധിച്ചുവരുന്ന ദുഷ്ടത ദൈവത്തേക്കാൾ ശക്തി സാത്താനാണ് എന്ന് കരുതുന്നുവോ!

നിന്ദിക്കപ്പെട്ട നസ്രേത്തിൽനിന്നു വന്ന ആ തച്ചൻ ആരായിരുന്നു? നസ്രേത്തുകാരനായിരുന്ന യേശു വാസ്തവത്തിൽ ദൈവപുത്രനായിരുന്നോ, അതോ അവനുശേഷം വന്ന കപടവേഷക്കാരെ പോലെ ഒരാളായിരുന്നോ? അവൻ ജീവിച്ചിരുന്നവരിൽ വെച്ച് വലിയ ഒരു മനുഷ്യനും, തത്വചിന്തകനും, വലിയ ഉപദേഷ്ടാവും, ഒരുപക്ഷെ വലിയ പ്രവാചകനുമായിരുന്നേക്കാം, പക്ഷെ ദൈവപുത്രനായിരിക്കുകയില്ല എന്നാണ് ചിലർ കരുതുന്നത്. മധ്യത്തിലാകുവാൻ സാധ്യതയില്ല. യേശു, ഒന്നുകിൽ താൻ അവകാശപ്പെട്ടതെല്ലാമായിരുന്നു, അല്ലെങ്കിൽ അവൻ ലോകം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും മോശമായ വ്യാജനും ഭോഷനുമായിരിക്കണം.

## യേശുവിന്റെ വ്യക്തിത്വം (16:13-20)

യേശുവിന്റെ വ്യക്തിത്വത്തെ നമുക്ക് എങ്ങനെ അറിയാം?

1. *ക്രിസ്തുവിന്റെ അവകാശങ്ങളെ ബൈബിൾ സാക്ഷീകരിക്കുന്നു.* താൻ ക്രിസ്തുവിനു വഴി ഒരുക്കുവാൻ വന്നവനാണെന്നും, യേശു ലോകത്തിന്റെ പാപം ചുമന്നൊഴിക്കുവാൻ വന്ന ദൈവ പുത്രനാണെന്നും യോഹന്നാൻ സ്നാപകൻ സാക്ഷ്യപ്പെടുത്തി (യോഹ. 1:29-34; 5:33-35).

യേശു ദൈവത്തിന്റെ പുത്രനാണെന്ന് ദൈവം രണ്ട് പ്രാവശ്യം അവകാശപ്പെട്ടു: അവൻ സ്നാനപ്പെട്ടപ്പോൾ (3:16, 17), അത് പ്രവചന നിവർത്തീകരണമായിരുന്നു (യെശ. 11:1, 2) പിന്നെ മറുരൂപ മലയിൽ വെച്ചും (17:5; ലൂക്കൊ 9:35). ആ സംഭവത്തെ കുറിച്ച് പത്രൊസ് പിന്നെ എഴുതി "ആ ശബ്ദം കേട്ടു" എന്ന് (2 പത്രൊ. 1:17, 18; യോഹ. 5:37, 38).

താൻ പിതാവിനാൽ അയക്കപ്പെട്ടതാണ് എന്നു തന്റെ പ്രവൃത്തികൾ തെളിയിക്കുന്നു എന്ന് യേശു പറഞ്ഞു (യോഹ. 5:36). അവന്റെ ഉയർത്തെഴുന്നേൽപിനാൽ, "ദൈവപുത്രനാണെന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെട്ടത്" ഒഴിച്ചുനിർത്തുവാൻ പറ്റാത്ത തെളിവാണെന്ന് പൗലൊസ് എഴുതിയിരിക്കുന്നു (റോമർ. 1:4).

2. *പ്രവചന നിറവേറൽ.* തിരുവെഴുത്തിൽ ധാരാളം മശിഹാ പ്രവചനങ്ങളുണ്ട്. മത്തായിയിൽ പറഞ്ഞിട്ടുള്ളതുപോലെ അവ മിക്കവാറും നിറവേറിയിരി

ക്കുന്നു:

- മുന്നോടിയായ ആൾ വാഗ്ദാനം ചെയ്തു (യെശ. 40:3; മലാ. 3:1; 4:5; മത്താ. 3:3).
- അവൻ ജനിക്കുന്നത് കന്യകയിൽ (യെശ. 7:14; മത്താ. 1:18-25)
- അവൻ ജനിക്കുന്ന ഉദ്ദേശ സമയവും നൽകി (ദാനി. 9:25; ലൂക്കൊ. 2:1-7).
- അവൻ ജനിക്കുന്ന സ്ഥലവും പറഞ്ഞിരുന്നു (മീഖാ. 5:2; മത്താ. 2:1-6).
- അവന്റെ ജനനവുമായി നക്ഷത്രം ബന്ധപ്പെട്ടിരുന്നു (സംഖ്യ. 24:17; മത്താ. 2:2)
- അവന്റെ ദേശവും (ഉല്. 12:1-3) ഗോത്രവും (ഉല്. 49:10) കുടുംബവും (യെശ. 11:1; യിരെ. 23:5) എല്ലാം മുന്നറിയിച്ചിരുന്നു (മത്താ. 1:1-6).

മുന്നറിയിച്ചിരുന്നതുപോലെ തന്നെ അവ സംഭവിച്ചു. അതിനു പുറമെ, മശിഹയുടെ ജീവിതത്തിലെ പല സംഭവങ്ങളും മുൻകൂട്ടി അറിയിച്ചിരുന്നു:

- അവനെ "മിസ്രയിമിൽനിന്നു" വിളിച്ചു വരുത്തും (ഹോശേ. 11:1; മത്താ. 2:15).
- അവൻ വലിയ വീര്യപ്രവൃത്തികൾ നടത്തും (യെശ. 35:5, 6; മത്താ. 11:2-5).
- അവൻ ത്യജിക്കപ്പെടും (യെശ. 53:3; യോഹ. 1:11).

അവന്റെ മരണത്തെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങളും മുന്നറിയിച്ചിരുന്നു:

- അവനെ ഒറ്റിക്കൊടുക്കുന്നതിന്റെ വിലയും, അതു പിന്നെ എന്തു ചെയ്യുമെന്നും മുന്നറിയിച്ചിരുന്നു (സെഖ. 11:12, 13; മത്താ. 27:3-10).
- വിചാരണയിൽ അവന്റെ സ്വഭാവവും, വികാരവും മുന്നറിയിച്ചിരുന്നു (യെശ. 53:7-9; മത്താ. 27:12-14; പ്രവൃ. 8:32-35).
- അവന്റെ മരണവിധവും മുന്നറിയിച്ചിരുന്നു (സങ്കീ. 22:16-18; മത്താ. 27:35).
- അവന്റെ അസ്ഥികൾ ഒന്നും ഒടിയുകയില്ല (സങ്കീ. 34:20; യോഹ. 19:32, 33).
- പ്രത്യേക കല്ലറയിൽ അവൻ അടക്കപ്പെടും (യെശ. 53:9; മത്താ. 27:60).

അവസാനമായി, അവന്റെ ഉയർത്തെഴുന്നേൽപും (സങ്കീ. 16:10; പ്രവൃ. 2:31) സ്വർഗാരോഹണവും (സങ്കീ. 68:18; പ്രവൃ. 1:9, 10; എഫെ. 4:8) മുന്നറിയിക്കയും നിറവേറുകയും ചെയ്തിരിക്കുന്നു.

3. *മറ്റുള്ളവരുടെ സാക്ഷ്യം.* ക്രിസ്ത്യാനിത്വത്തെ ആരംഭത്തിൽ എതിർത്ത സെൽസസ് (ഏ. ഡി. രണ്ടാം നൂറ്റാണ്ടിൽ) യേശു അത്ഭുതങ്ങൾ നടത്തി എന്നു സമ്മതിക്കുന്നു, ആ ശക്തിയുടെ ഉറവിടത്തെയാണ് അവൻ ചോദ്യം ചെയ്തത്.[30] ജസ്റ്റിൻ മാർട്ടിർ (ഏ. ഡി. സി. 100-സി. 165), സകലവിധ രോഗവും ദീനവും സൗഖ്യമാക്കുമെന്ന യെശയ്യാവിന്റെ പ്രവചനം ക്രിസ്തു നിറവേറ്റിയതായി പറഞ്ഞു. അയാൾ എഴുതി, "പൊന്തിയൊസ് പിലാത്തൊസിന്റെ പ്രവൃത്തികളിൽനിന്നും നിങ്ങൾക്ക് [ഈ കാര്യങ്ങളെല്ലാം] മനസിലാക്കാം."[31]

യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ് എഴുതി,

> ഇപ്പോൾ, ഏതാണ്ട് ഈ സമയത്ത് യേശു, നിയമപരമായി അങ്ങനെ പറയാമെങ്കിൽ, ജ്ഞാനിയായ മനുഷ്യൻ ആണ്, കാരണം അവൻ അനേക വീര്യ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു-അത്തരം ഉപദേഷ്ടാവിന്റെ സത്യം ആളുകൾ സന്തോഷത്തോടെ കൈക്കൊള്ളുന്നു. അനേകം യെഹൂദന്മാരെയും, ജാതികളെയും അവൻ തന്നിലേക്ക് ആകർഷിക്കുന്നു. അവൻ [തന്നെ] ക്രിസ്തു. നമ്മിൽ പ്രമുഖരുടെ വാക്ക് കേട്ട് പിലാത്തൊസ് അവനെ ക്രൂശിൽ തറെക്കുവാൻ ഏൽപിച്ചു കൊടുത്തു, അവനെ ആദ്യം സ്നേഹിച്ചവർ അവനെ ഉപേക്ഷിച്ചില്ല, കാരണം അവൻ മരിച്ച ശേഷം ജീവനോടെ അവർക്ക് പ്രത്യക്ഷനായി, അതും അവന്റെ അത്ഭുതങ്ങളും മുന്നറിയിച്ചിരുന്നതായിരുന്നു; അവന്റെ പേർ എടുത്ത ക്രിസ്തീയ ഗോത്രം അന്നാളിൽ അണഞ്ഞുപോയിരുന്നില്ല.[32]

ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് "നന്മ ചെയ്തുകൊണ്ടിരുന്നു" എന്നാണ് ജോസെഫസിന്റെ വിവരണം ഉറപ്പിക്കുന്നത് (പ്രവൃ. 10:38).

## നസ്രേത്തുകാരനായ യേശു ആരായിരുന്നു? (16:13-20)

അവന്റെ വ്യക്തിത്വത്തിലുള്ള നമ്മുടെ വിശ്വാസത്തെ സംബന്ധിച്ച യേശുവിന്റെ ചോദ്യത്തിനുള്ള ഉത്തരം ഇന്നും പ്രസക്തമാണ്. നാം യേശുവിൽ വിശ്വസിക്കുന്നു, എന്നാൽ ഏത് യേശുവിലാണ് നാം വിശ്വസിക്കുന്നത്? ഗലീലയിൽനിന്നുള്ള ആ മനുഷ്യൻ ആരായിരുന്നു?

യേശുവിന്റെ അവകാശങ്ങൾ തെളിയിക്കുന്നതായിരുന്നു ആ തെളിവുകൾ (ലൂക്കൊ. 22:69, 70; യോഹ. 14:7–11). പ്രവചന നിവർത്തീകരണവും, അവന്റെ പ്രവൃത്തികളും (11:2–5; ലൂക്കൊ. 4:16–21), യോഹന്നാൻ സ്നാപകന്റേതടക്കമുള്ള, മറ്റുള്ളവരുടെ സാക്ഷ്യങ്ങളും തെളിവുകളായിരുന്നു (യോഹ. 1:29–36). ദൈവം തന്നെയും സാക്ഷ്യപ്പെടുത്തിയിരുന്നു (3:16, 17; 17:5).

യേശു ദൈവപുത്രനായിരുന്നില്ലെങ്കിൽ അതിന്റെ അനന്തര ഫലങ്ങൾ എന്താകുമായിരുന്നു? നമ്മുടെ പ്രസംഗം വ്യർത്ഥമാകും. അപ്പോസ്തലന്മാരുടേയും ആദ്യ ക്രിസ്ത്യാനികളുടേയും അവന്റെ ഉയർപ്പിനെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ കള്ള സാക്ഷ്യങ്ങൾ ആകുമായിരുന്നു. ക്രിസ്തുവിൽ മരിച്ച നമ്മുടെ പ്രിയപ്പെട്ടവർ വീണ്ടും ജീവിക്കാതെ, ക്രിസ്ത്യാനികൾ ഭൂമിയിൽ വെച്ച് ഏറ്റവും മോശക്കാരായി തീരുകയും ചെയ്യും. നേരെമറിച്ച്, യേശു ജീവിച്ചിരുന്നു എന്നു പൗലോസ് പറഞ്ഞു, അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കയാൽ, അവൻ ഇപ്പോഴും ജീവിക്കുന്നു എന്നും പ്രസ്താവിച്ചു (1 കൊ. 15:13–19).

## പത്രോസിന്റെ ഏറ്റു പറച്ചിൽ (16:16)

യേശു ദൈവപുത്രനാണെന്ന് ആദ്യം ഏറ്റു പറഞ്ഞത് പത്രോസ് മാത്രമായിരുന്നില്ല, എന്നാൽ പൂർണ്ണമായ രീതിയിൽ ആദ്യമായി ഏറ്റു പറഞ്ഞത് പത്രോസ് ആയിരുന്നു (16:16). "ഞാനാകുന്നവൻ" എന്ന യേശുവിന്റെ പ്രസ്താവന നാം വിശ്വസിക്കണം (യോഹ. 8:23–30). അവൻ ദൈവപുത്രനാണെന്ന് നാം വിശ്വസിക്കയും, അത് മറ്റുള്ളവരുടെ മുമ്പെ ഏറ്റു പറകയും വേണം (10:32, 33).

**ക്രിസ്തുവിന്റെ സഭ (16:18)**

യേശു പറഞ്ഞു, "ഞാൻ എന്റെ സഭയെ പണിയും" (16:18) "എന്റെ" ഉടമ സ്ഥാവകാശത്തെ കാണിക്കുന്ന സർവ്വനാമമാണ്. സഭ ക്രിസ്തുവിനുള്ളതാണ് കാരണം അവൻ തന്റെ രക്തം കൊടുത്തു സമ്പാദിച്ചതാണ് സഭ (പ്രവൃ. 20:28; 1 പത്രൊ. 1:18, 19; 1 കൊ. 6:20 നോക്കുക). സഭ അവന്റെ ശരീരമാണ് (എഫെ. 1:22, 23; കൊലൊ. 1:18), അവന്റെ മണവാട്ടിയാണ് (വെളി. 21:1, 2; റോമർ. 7:1–4; എഫെ. 5:22, 23), അവന്റെ കൂട്ടമാണ് (യോഹ. 10:14–16; 1 പത്രൊ. 5:1–4), ദൈവത്തിന്റെ ഭവനവുമാണ് (1 തിമൊ. 3:15). വ്യത്യസ്ത വാക്കുകളാലും തലവാചകങ്ങളാലും തിരുവെഴുത്തിൽ സഭയെ വിവരിച്ചിരിക്കയാൽ, സഭ ക്രിസ്തുവിനുള്ളതാണ് എന്ന് വ്യക്തമാകുന്നു.

ഇത് സത്യമാകയാൽ, "ക്രിസ്തുവിന്റെ സഭകൾ" ക്രിസ്തുവിന്റെ ശരീരമാണെന്ന് പറയുന്നതിനെ ആളുകൾ എതിർക്കുന്നതെന്തിനാണ്? അത് സഭയുടെ ഒരു പദവിയാണ് (റോമർ. 16:16). ആ പേർ മാത്രം സഭക്ക് എടുക്കണമെന്ന് ശഠിക്കുവാൻ പാടില്ല, എന്നാൽ അത് തിരുവെഴുത്തിൽ സഭക്കു വേണ്ടി മരിച്ച ക്രിസ്തുവിനുള്ളതാണ് എന്ന് തിരിച്ചറിയിക്കുന്നു (എഫെ. 5:25).

---

കുറിപ്പുകൾ

[1]ജോസെഫസ് *വാഴ്സ്* 3.10.7. [2]ബെർശേബാ യെഹൂദ്യയിൽ യിസ്രായേലിന്റെ തെക്കുഭാഗത്തു സ്ഥിതിചെയ്തിരുന്നു. [3]ന്യായാ. 20:1; 1 ശമു. 3:20; 2 ശമു. 3:10; 17:11; 24:2, 15; 1 രാജാ. 4:25; 1 ദിന. 21:2; 2 ദിന. 30:5 നോക്കുക. [4]ജോസെഫസ് *ആന്റിക്വിറ്റീസ്* 18.2.1; *വാഴ്സ്* 2.9.1. [5]ജോസെഫസ് *വാഴ്സ്* 3.9.7; 7.2.1. [6]ജോസെഫസ് *ആന്റിക്വിറ്റീസ്* 15.10.3. [7]ജോസെഫസ് *ലൈഫ്* 13. [8]ഡേവിഡ് ഹിൽ, *ദ ഗോസ്പൽ ഓഫ് മാത്യു*, ദ ന്യൂസെഞ്ചുറി ബൈബിൾ കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 259–60. *മോശയും യെശയ്യാവും സ്വർഗ്ഗാരോഹണം ചെയ്തു* എന്ന യെഹൂദന്മാരുടെ പാരമ്പര്യ വിശ്വാസത്തെ കുറിച്ച് ഹിൽ പറഞ്ഞിരിക്കുന്നു. [9]*എസ്ദ്രാസ്* 2.18. [10]സംക്ഷിപ്ത സമാന്തരങ്ങളിൽ, മർക്കോസ് "ദ ക്രൈസ്റ്റ്" എന്നാണ് പറഞ്ഞത്. (മർ. 8:29), എന്നാൽ ലൂക്കോസിൽ "ദ ക്രൈസ്റ്റ് ഓഫ് ഗോഡ്" (ലൂക്കൊ. 9:20).

[11]സ്യൂഡെപ്പിഗ്രാഫയിലെ ഒരു പുസ്തകം പറയുന്നു, "കർത്താവേ, നോക്കുക അവരുടെ രാജാവായ ദാവീദിന്റെ സന്തതിയും നിന്റെ ദാസനും ആയവനെ അവരെ വാഴുവാൻ അനുവദിക്കേണമേ. ഓ ദൈവമേ, നിന്റെ ശക്തിയാൽ അവനെ ബലപ്പെടുത്തി അനീതിയുള്ള വാഴ്ച്ചക്കാരെ നശിപ്പിച്ചു യെരുശലേമിനെ ശുദ്ധീകരിക്കേണമേ" (*ശലോമോന്റെ സങ്കീർത്തനങ്ങൾ* 17, 21, 22). [12]ജോൺ ലൈറ്റ് ഫുഡ്, *ഏ കമന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് ഫ്രം ദ താൽമൂദ് ആന്റ് ഹെബ്രായിക്ക: മാത്യു-1 കൊരിന്ത്യൻസ്, വാല്യം 2, മാത്യു-മാർക്ക്* (ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, 1859; റീപ്രിൻറ്, ഗ്രാന്റ് റാപ്പിട്സ്, മൈക്ക്; ബേക്കർ, 1979) 234. ഉദാഹരണമായി, താൽമൂദ് *ബെരാക്കോത്ത്* 28 ബി നോക്കുക. [13]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ്. ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3 ഡ്. റവ ആന്റ് എഡി. ഫ്രെഡറിക്ക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴിസിറ്റി ഓഫ് ഷിക്കാഗോ പ്രസ്സ്, 2000), 809. [14]ഇബിഡ്. [15]മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യൂ,*" *സോണ്ടർവാൻ ഇല്ലസ്റ്റേറ്റഡ് ബൈബിൾ ബാഗ്രൗണ്ട്സ് കമന്ററി, വാല്യം. 1, മാത്യൂ, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൻ ഇ. ആർനോ

ൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 102. [16]ഹിൽ, 262. [17]ഡൊണാൾഡ് എ. ഹാഗ്നർ, *മാത്യു 14–28,* വേൾഡ് ബിബ്ലിക്കൽ കമന്ററി, വാല്യം.33ബി (ഡള്ളാസ്: വേഡ് ബുക്ക്സ്, 1995), 470. [18]എങ്ങനെയായാലും, ചിലർ എഫെ 2:20 ലെ "അടിസ്ഥാനം" എടുത്ത് അപ്പോസ്തലന്മാർക്ക് പകരമായി, അപ്പോസ്തലന്മാരുടെ ഉപദേശമായി എടുക്കുന്നു. [19]ജെ. ഡബ്ലിയു. മെക്ക്ഗാർവെ, *ദ ന്യൂടെസ്റ്റമെന്റ് കമന്ററി, വാല്യം 1, മാത്യൂ ആന്റ് മാർക്ക്* (എൻ.ഇ., 1875; റിപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 145. [20]പുതിയ നിയമത്തിൽ സഭക്ക് "ഇടവക" എന്നും "സഭായോഗം" എന്നും ഉപയോഗിച്ചിരിക്കുന്നു, ആ വാക്കുകൾ മറ്റ് കൂട്ടങ്ങളെ പറയുവാനും ഉപയോഗിച്ചിരിക്കുന്നു. സെപ്ത്വജിന്റിൽ, *എക്ലേസ്യാ* പലപ്പോഴും യിസ്രായേലിന്റെ "ഇടവക" ആയി ഉപയോഗിച്ചിരിക്കുന്നു (പ്രവൃ. 7:38). സ്വതന്ത്ര പൗരന്മാരെ "സഭായോഗം" എന്നതിന് ഗ്രീക്കുകാർ *എക്ലേസ്യ* ഉപയോഗിച്ചിരുന്നു (പ്രവൃ. 19:32, 39, 41).

[21]റോബർട്ട് എച്ച്. ഗെൺഡ്രി, *മാത്യൂ: എ കമന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ജബ്ലിയു എം. ബി, എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 331. [22]ജാക്ക് പി. ലേവിസ്, "പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്താ. 16:18): എ സ്റ്റഡി ഓഫ് ദ ഹിസ്റ്ററി ഓഫ് ഇന്റർപ്രെട്ടേഷൻ," *ജേണൽ ഓഫ് ദ ഇവാഞ്ചലിക്കൽ തിയോളജിക്കൽ സൊസൈറ്റി* 38 (സെപ്റ്റമ്പർ 1995), 353. [23]ഹോമർ *ഒഡീസി* 14.156; *ലിയാദ്* 5.646; അയെസ്കിലസ് *അഗാമെനോൻ* 1291; ഹെസിയോദ് *തെയോഗണി* 668, 774; യൂരിപ്പിഡസ് *ഹിപ്പോപോളിറ്റസ്* 56–57, 1447; *ഹെക്കൂബാ* 1–2; ഡയോജിനസ് ലയർറ്റിയസ് 10.126. [24]വിസ്ഡം ഓഫ് സോളമൻ 16:13 (എൻആർഎസ്വി); 3 മെക്കാബീസ് 5:51 നോക്കുക. [25]പുരാതന പാലസ്തീനിലെ താക്കോലുകളുടെ ചിത്രത്തിന്, വിൽകിൻസ്, 103 നോക്കുക. [26]ആർദർ സ്കെവിങ്ടൺ എഡ്, "കീ," *ഇൻ ദ ഇന്റർനാഷണൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റവ. എഡി., ജെഫ്രി ഡബ്ലിയു. ബ്രോംലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 3:10. [27]താൽമൂദ് *ഷെബാത്ത്* 31 എബി. [28]ലൈറ്റ് ഫുഡ്, 236–41. [29]ഈ വിവരണം എടുത്തിരിക്കുന്നത് റെ വാഡിൽ, "ഇയർ ഓഫ് ജീസസ്സ് ... ബട്ട് വിച്ച് വൺ ആന്റ് വാട്ട് ബിലീഫ്സ്?" *ദ നാഷ്വിലേ ടെനസിയെൻ* (11 ഡിസംബർ 2004): ബി 3. [30]ഒറീജൻ *എഗൈൻസ്റ്റ്* സെൻസെസ്സ് 1.6. ഒറീജൻ സെൻസസ്സിന് ഉത്തരമായി എഴുതി, *ട്രൂ വേഡ്,* എ വർക്ക് ദാറ്റ് ഈസ് എക്സ്ടെന്റ് ഒൺലി ഇൻ ഒറിജൻസ് റഫറൻസെസ്സ്.

[31]ജെസ്റ്റിൻ മാർട്ടർ *അപ്പോളജി* 1.48. [32]ജോസെഫസ് *ആന്റിക്വിറ്റീസ്* 18.3.3. പല പണ്ഡിതന്മാരും വിശ്വസിക്കുന്നത് ജോസെഫസിന്റെ ഉദ്ധരണി ക്രിസ്ത്യാനികൾ എഡിറ്റ് ചെയ്തു എന്നാണ്, യെഹൂദ ചരിത്ര കാരൻ എഴുതിയതിൽ പൊതുവായും പ്രാഥമിക സത്യങ്ങൾ ഉൾപ്പെട്ടിരുന്നു എന്നാണ് അവർ കരുതുന്നത്. (ലീ സ്ട്രോബലിന്റെ ചർച്ചകൾ നോക്കുക, *ദ കെയ്സ് ഫോർ ക്രൈസ്റ്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1998], 78–80.)